**പതിനാലാം കേരള നിയമ സഭ**
**പതിനൊന്നാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ: 2881. 18/06/2018 ലെ മറുപടിക്ക്

# കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കടയിലെ സ്കിൽ പാർക്ക്

ചോദ്യം ഉത്തരം

ശ്രീമതി . പി. അയിഷാ പോറ്റി

പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഏതെല്ലാം സ്കിൽ പാർക്കുകളുടെ നിർമ്മാണമാണ് പുരോഗമിക്കുന്നത് എന്ന് വിശദമാക്കുമോ; | എ) | താഴെ സൂചിപ്പിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ (CSP) നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ പുരോഗമിക്കുന്നത്.<br>1. കുളക്കട.<br>2. കുന്നന്താനം.<br>3. കളമശ്ശേരി.<br>4. പെരുംപാവൂർ.<br>5. പാണ്ടിക്കാട്.<br>6. ചാത്തന്നൂർ.<br>7. ലക്കിടി.<br>8. മാനന്തവാടി.<br>9. കാസർഗോഡ്. |
| ബി) | സ്കിൽ പാർക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | 1.വ്യാവസായികാധിഷ്ഠിതമായ നൈപുണ്യ പരിശീലനം.<br>2. നൈപുണ്യ രംഗത്തെ മുൻകാല അറിവ് അടിസ്ഥാനമാക്കിയുള്ള അംഗീകാരവും തുടർന്നുള്ള പരിശീലനവും.<br>3. നൈപുണ്യ പുനപരിശീലനം.<br>4. നൈപുണ്യ തുടർ പരിശീലനം<br>5. ഇന്റേൺഷിപ്പിനുള്ള അവസരം.<br>6. കൌൺസിലിംഗ്.<br>7. അഭിരുചി നിർണ്ണയം തുടങ്ങിയവയാണ് സ്കിൽ പാർക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന കുളക്കടയിലെ സ്കിൽ പാർക്കിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അടങ്കൽ തുക എത്രയാണെന്നും അറിയിക്കുമോ; | സി) | അടങ്കൽ തുക Rs. 10,14,67,720/-.<br>കുളക്കട കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ (CSP) നിർമ്മാണം 2018 ആഗസ്റ്റ് അവസാനത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) | കുളക്കടയിലെ സ്കിൽ പാർക്ക് നിർമ്മിക്കുന്നത് വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | ഡി) | വ്യാവസായികാധിഷ്ഠിതമായ നൈപുണ്യ പരിശീലനം, നൈപുണ്യ പുനപരിശീലനം, നൈപുണ്യ തുടർ പരിശീലനം, കൌൺസിലിംഗ്, അഭിരുചി നിർണ്ണയം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. |

സെക്ഷൻ ഓഫീസർ